പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5497 — 25/10/2011 ൽ മറുപടിയ്ക്ക്

## നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) നാഷണൽ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) NLRMP പദ്ധതിയുടെ കീഴിൽ റവന്യൂ വകുപ്പിൽ പ്രധാനമായും കൈക്കൊള്ളേണ്ടുന്ന നടപടിയാണ് ലാന്റ് റിക്കാർഡ്സ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി. ഈ പദ്ധതിയുടെ കീഴിൽ സർവ്വെ ഡിപ്പാർട്ട്മെന്റ് സർവ്വെ നടപടികളും, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ആധാരങ്ങളുടെയും മറ്റും ഡിജിറ്റൈസേഷൻ, രജിസ്ട്രാർ ഓഫീസുകൾ തമ്മിലുള്ള നെറ്റ് വർക്കിംഗ് എന്നിവ നടപ്പിലാക്കണമെന്നുമാണ് വിവക്ഷിക്കുന്നത്. റവന്യൂ വകുപ്പിൽ നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സ്റ്റേറ്റ് തലത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും പ്രസ്തുത സെല്ലിന്റെ പ്രവർത്തന ഫലമായി ജില്ലാതലത്തിൽ ഐ.റ്റി.സെല്ലുകൾ രൂപീകരിക്കുകയും ചെയ്തു. എൻ.എൽ.ആർ.എം.പി. ഫണ്ട് ഉപയോഗിച്ച് തെരഞ്ഞെടുത്ത ജില്ലകളിൽ കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും, സംസ്ഥാനം ഒട്ടാകെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ |

കമ്പ്യൂട്ടറുകൾക്ക് എ.എം.സി. നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത പ്രോഗ്രാമിന്റെ ലക്ഷ്യമായ കമ്പ്യൂട്ടറൈസ്ഡ് ഭൂരേഖ വിതരണവും, ഓൺലൈൻ പോക്കുവരവും പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസിനുകീഴിൽ വരുന്ന റീ-സർവ്വെ പൂർത്തിയാക്കിയ 16 വില്ലേജുകളിൽ നടപ്പിലാക്കുകയും ഈ പ്രോഗ്രാം സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ സർക്കാരിന്റെ ഒരു വർഷത്തെ പദ്ധതി പ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതു-മാകുന്നു.

നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തെ റീസർവ്വേ ജോലികളും, കടാസ്ട്രൽ മാപ്പുകളുടെ ഡിജിറ്റൈസേഷൻ ജോലികളും ചെയ്യുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോഗ്രാമനുസരിച്ച് വില്ലേജുകളിലെ ഭൂസർവ്വേ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 വില്ലേജുകളിലും റീസർവ്വേ ജോലി പുരോഗതിയിലാണ്. ഇതിൽ മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിന്റെ റീസർവ്വെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. തൃശ്ശൂർ ജില്ലയിൽ പൂങ്കുന്നം വില്ലേജിന്റെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമ പ്രകാരം 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല വില്ലേജുകളുടെയും, പാലക്കാട് ജില്ലയിൽ പാലക്കാട് 1

| | | | |
|---|---|---|---|
| | | | വില്ലേജിന്റെയും, കണ്ണൂർ ജില്ലയിൽ മാണിയൂർ വില്ലേജിന്റെയും റീസർവ്വേ ജോലികൾ പുരോഗതിയിലാണ്. മലപ്പുറം ജില്ലയിലെ പാണക്കാട് വില്ലേജിന്റെയും, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ വില്ലേജിന്റെയും റീസർവ്വെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത പ്രോഗ്രാം സമയ-ബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ